മാധ്യമം

22 October 2024

# കരൾ സംരക്ഷണത്തിന് കടൽപായൽ ഉൽപന്നം വിപണിയിൽ

**കൊച്ചി:** കരൾ സംരക്ഷണത്തിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) കടൽപായലിൽനിന്ന് വികസിപ്പിച്ച പ്രകൃതിദത്ത ഉൽപന്നം (ന്യൂട്രാസ്യൂട്ടിക്കൽ) വിപണിയിൽ. ഗ്രീൻറെക്സ് എന്ന പേരിൽ നിർമിച്ച ഉൽപന്നം വ്യവസായമന്ത്രി പി. രാജീവ് വിപണിയിലിറക്കി.

സി.എം.എഫ്.ആർ.ഐയുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമിച്ച ഗ്രീൻറെക്സ്, വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ച് വിപണിയിലെത്തിക്കുന്നത് സ്വകാര്യ കമ്പനിയായ എമിനിയോടെക്കാണ്. കടൽപായലിലെ ഗുണകരമായ ബയോ ആക്ടിവ് ഘടകങ്ങൾ ഉപയോഗിച്ചാണ് ഉൽപന്നം വികസിപ്പിച്ചിരിക്കുന്നത്. കരളിന്റെ ആരോഗ്യം മെച്ചപ്പെടുത്താനും അമിതമായി അടിഞ്ഞുകൂടിയ കൊഴുപ്പിന്റെ അളവ് നിയന്ത്രിക്കാനും ഈ ഉൽപന്നം സഹായകരമാണെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.

ഡോ. കാജൽ ചക്രവർത്തിയാണ് ഗവേഷണത്തിന് നേതൃത്വം നൽകിയത്.

ആലപ്പുഴ ഗവ. മെഡിക്കൽ കോളജിലെ അസി. പ്രഫസർ ഡോ. കെ. അനിൽകുമാർ, എമിനോടെക് ഡയറക്ടർ അനിൽകുമാർ രാജേന്ദ്രൻ എന്നിവരും സംസാരിച്ചു.



*കരൾ സംരക്ഷണത്തിനുള്ള കടൽപായൽ ഉൽപന്നം സി.എം.എഫ്.ആർ.ഐയിൽ നടന്ന ചടങ്ങിൽ വ്യവസായ മന്ത്രി പി. രാജീവ് വിപണിയിലിറക്കുന്നു*